പതിനാലാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭ ചോദ്യം നമ്പർ. 6143

07-11-2016 ൽ മറുപടിക്ക്

## മണ്ണ് സംരക്ഷണ പദ്ധതി

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. റ്റി.വി. രാജേഷ്<br>ശ്രീ. സി.കെ. ഹരീന്ദ്രൻ<br>ശ്രീ. യു.ആർ. പ്രദീപ്<br>ശ്രീമതി വീണാജോർജ്ജ് | | ശ്രീ.വി.എസ്. സുനിൽകുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്തെ സോയിൽ സർവ്വേ & സോയിൽ കൺസർവേഷൻ വകുപ്പ് മണ്ണ് സംരക്ഷണ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ യെന്ന് വിശദമാക്കാമോ; | (എ) | 1963 ൽ പ്രകൃതി വിഭവ സംരക്ഷണത്തിന്റെ പ്രാധാന്യം കണക്കിലെടുത്ത് സംസ്ഥാനത്ത് മണ്ണ് സംരക്ഷണ വകുപ്പ് നിലവിൽ വന്നു. തുടർന്ന് 1969 മുതൽ കൃഷി വകുപ്പിന്റെ കീഴിൽ സോയിൽ കൺസർവേഷൻ യൂണിറ്റായി പ്രവർത്തിച്ച് മണ്ണ് ജല സംരക്ഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നു. സംസ്ഥാനത്ത് പ്രകൃതി വിഭവ സംരക്ഷണവും പരിപാലനവും നീർത്തടാധിഷ്ഠിത വികസനവും മുൻഗണന നൽകേണ്ട വിഷയങ്ങളാണെന്ന് മനസ്സിലാക്കിക്കൊണ്ട് മണ്ണ് പര്യവേക്ഷണ സംരക്ഷണ വകുപ്പ് രൂപീകൃതമായി. സംസ്ഥാനത്തെ എല്ലാ ജില്ലകളിലും മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ് മുഖേന പ്രകൃതി വിഭവ സംരക്ഷണ, പരിപാലന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നുണ്ട്. മണ്ണ് സംരക്ഷണവുമായി ബന്ധപ്പെട്ട് വകുപ്പ് നടപ്പിലാക്കി വരുന്ന പ്രധാന പദ്ധതികൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| ബി) പ്രസ്തുത പദ്ധതികളുടെ ഇവാലുവേഷൻ നടത്താറുണ്ടോയെന്ന് വ്യക്തമാക്കാമോ; | (ബി) | വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികളുടെ വിലയിരുത്തൽ വകുപ്പ് തലത്തിലും സർക്കാർ തലത്തിലും കൃത്യമായി നടത്താറുണ്ട്. സംസ്ഥാന ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ് വർഷംതോറും മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ് നടപ്പിലാക്കുന്ന പ്രവർത്തനങ്ങളുടെ ഇവാല്യുവേഷൻ നടത്താറുണ്ട്. ഇത് കൂടാതെ ബാഹ്യ ഏജൻസികളായ അഗ്രികൾച്ചറൽ ഫിനാൻസ് കോർപ്പറേഷൻ, കേരള കാർഷിക സർവ്വകലാശാല, കേന്ദ്ര തോട്ടവിള ഗവേഷണ |

| | | |
|---|---|---|
| | | കേന്ദ്രം, റ്റി. ഇ.ആർ.ഐ എന്നീ ഏജൻസികളും വകുപ്പ് നടപ്പിലാക്കിയ മണ്ണു ജല സംരക്ഷണ പ്രവർത്തനങ്ങളുടെ വിലയിരുത്തൽ നടത്തിയിട്ടുണ്ട്. ആർ.ഐ.ഡി.എഫ് 2-ാം ഘട്ടത്തിൽ ഉൾപ്പെടുത്തി കേരളത്തിന്റെ 9 ജില്ലകളിലായി വകുപ്പ് നടപ്പിലാക്കിയ 26 ആർ.ഐ.ഡി.എഫ് പദ്ധതികൾ അഗ്രികൾച്ചറൽ ഫിനാൻസ് കോർപ്പറേഷൻ മുഖേന ജൂലായ് 2003 മുതൽ മൂല്യനിർണ്ണയം നടത്തിയിട്ടുണ്ട്. കൂടാതെ 2006 ൽ സർക്കാർ അഗ്രികൾച്ചറൽ ഫിനാൻസ് കോർപ്പറേഷൻ മുഖേന ആർ.ഐ.ഡി.എഫ് 9, 10 ഘട്ടങ്ങളിൽ ഉൾപ്പെട്ടിരുന്ന 9 പദ്ധതികളുടെ അവലോകനവും, ഭൗതിക സാമ്പത്തിക വിലയിരുത്തലും നടത്തിയിട്ടുണ്ട്. 8, 9 പഞ്ചവത്സര പദ്ധതി കാലയളവിൽ ദേശീയ നീർത്തട വികസന പദ്ധതിയിൽ വകുപ്പ് നടപ്പിലാക്കിയ പദ്ധതികളും അഗ്രികൾച്ചറൽ ഫിനാൻസ് കോർപ്പറേഷൻ മുഖേന 2007 ൽ **വിലയിരുത്തിയിട്ടുണ്ട്. 2015-16, 2016-17 സാമ്പത്തിക വർഷങ്ങളിൽ** സംസ്ഥാന ബഡ്ജറ്റിൽ ബാഹ്യ ഏജൻസികൾ മുഖേന വകുപ്പിന്റെ പദ്ധതികളുടെ വിലയിരുത്തലിനായി തുക വകയിരുത്തിയിട്ടുണ്ട്. വകുപ്പ് നടപ്പിലാക്കുന്ന ആർ.ഐ.ഡി.എഫ്, കുട്ടനാട് പാക്കേജ്, ചെക്ക് ഡാം പദ്ധതി എന്നിവയുടെ ഇവാല്യുവേഷൻ പ്രവർത്തനങ്ങൾ കേന്ദ്ര തോട്ടവിള ഗവേഷണ കേന്ദ്രം, കാസർഗോഡ് നടപ്പിലാക്കിവരുന്നു. |
| സി) വിലയിരുത്തൽ വിഭാഗത്തിന്റെ പ്രധാന ചുമതലകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; | (സി) | വകുപ്പിന് ഇവാല്യുവേഷന് മാത്രമായി പ്രത്യേക വിഭാഗം നിലവിലില്ല. എങ്കിലും ജില്ലാതലത്തിലും സംസ്ഥാനതലത്തിലും വകുപ്പ് നടപ്പിലാക്കുന്ന എല്ലാ പദ്ധതികളുടെയും അവലോകനവും വിലയിരുത്തലും സ്ഥിരമായി നടത്താറുണ്ട്. കൂടാതെ ബാഹ്യ ഏജൻസികൾ മുഖേനയും വിലയിരുത്തൽ നടത്താറുണ്ട്. |
| ഡി) എല്ലാ ജില്ലകളിലും മണ്ണു സംരക്ഷണ പദ്ധതി നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ? | (ഡി) | മണ്ണു പര്യവേക്ഷണ മണ്ണു സംരക്ഷണ വകുപ്പിൽ നിലവിൽ സംസ്ഥാനത്തുടനീളം മണ്ണു പര്യവേക്ഷണ സംരക്ഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നുണ്ട്. തുടർന്നും പദ്ധതി പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

[illegible]

(1) നബാർഡ് ധനസഹായത്തോടുകൂടിയുള്ള ആർ.ഐ.ഡി.എഫ് പദ്ധതി:

വെള്ളപ്പൊക്കവും കാർഷിക വരൾച്ചയും പരിമിതപ്പെടുത്തുവാനും കാർഷികോല്പാദനം വർദ്ധിപ്പിക്കുവാനും ലക്ഷ്യമിട്ടുകൊണ്ട് വാട്ടർഷെഡ് അടിസ്ഥാനത്തിൽ മണ്ണു ജലസംരക്ഷണ പ്രവർത്തനങ്ങൾ നടപ്പാക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. നബാർഡ് ധനസഹായത്തോടെ നടപ്പിലാക്കുന്ന പദ്ധതി 1995 മുതൽ എല്ലാ ജില്ലകളിലുമായി നടപ്പിലാക്കി വരുന്നു. കൃഷിഭൂമിയുടെ മണ്ണ് ജല സംരക്ഷണത്തിനായി കല്ല്കയ്യാല, മൺകയ്യാല, നീർക്കുഴികൾ, സ്ട്രിപ്പ് ടെറസുകൾ, ട്രെഞ്ചുകൾ, പുല്ല് വച്ച് പിടിപ്പിക്കൽ നീർച്ചാലുകളുടെ സംരക്ഷണത്തിനായി സംരക്ഷണ ഭിത്തി, ചെക്ക്ഡാമുകൾ, വെള്ളക്കെട്ട് നിയന്ത്രണത്തിനായി സ്ലൂയിസുകൾ തുടങ്ങിയവയും നിർമ്മിക്കുന്നു. കൂടാതെ കുളങ്ങൾ, കുളങ്ങളുടെ പുന:രുദ്ധാരണം, ജലസംഭരണികൾ, റീചാർജ്ജ് നിർമ്മിതികൾ, കാർഷിക വനവൽക്കരണം തുടങ്ങിയവയും നടപ്പിലാക്കുന്നു. സംസ്ഥാനത്തുടനീളം നടപ്പിലാക്കി വരുന്ന ഈ പദ്ധതിയുടെ 1 മുതൽ 21 വരെയുള്ള ഘട്ടങ്ങളിലായി 456 പദ്ധതികൾക്ക് ഭരണാനുമതി ലഭിക്കുകയും ആയതിൽ 226 പദ്ധതികൾ പൂർത്തീകരിച്ചിട്ടുമുണ്ട്. ഈ പദ്ധതിയുടെ വിവിധ ഘട്ടങ്ങളിലായുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു. ആർ.ഐ.ഡി.എഫ് 22 ൽ ഉൾപ്പെടുത്തുന്നതിനായി 31 പദ്ധതികൾ സർക്കാരിന്റെ പരിഗണനയിലാണ്.

(2) മണ്ണിടിച്ചിൽ ബാധിത/സാധ്യതാ പ്രദേശങ്ങളുടെ ബലപ്പെടുത്തൽ പദ്ധതി

ഉരുൾപൊട്ടൽ, മണ്ണിടിച്ചിൽ എന്നിവ മൂലം സംസ്ഥാനത്ത് കൃഷി നാശം സംഭവിച്ചതും സംഭവിക്കാൻ സാധ്യതയുമുള്ള പ്രദേശങ്ങളിൽ ശാസ്ത്രീയമായ മണ്ണു സംരക്ഷണ മാർഗ്ഗങ്ങൾ അവലംബിക്കുക എന്നതാണ് പദ്ധതി ലക്ഷ്യം. ഈ പദ്ധതി കോട്ടയം, ഇടുക്കി, പാലക്കാട്, കോഴിക്കോട്, പത്തനംതിട്ട എന്നീ ജില്ലകളിലാണ് ഇപ്പോൾ നടന്നു വരുന്നത്.

(3) അരുവിക്കര, ശാസ്താംകോട്ട ശുദ്ധജല വിതരണ പദ്ധതികളുടെ വൃഷ്ടി പ്രദേശത്തെ മണ്ണു ജല സംരക്ഷണത്തിനായുള്ള പദ്ധതി

തിരുവനന്തപുരം ജില്ലയിലെ അരുവിക്കര ശുദ്ധജല വിതരണ പദ്ധതിയുടെയും കൊല്ലം ജില്ലയിലെ ശാസ്താംകോട്ട ശുദ്ധജല വിതരണ പദ്ധതിയുടെയും ജല സംഭരണികളുമായി ബന്ധപ്പെട്ട വൃഷ്ടി പ്രദേശത്തെ മണ്ണൊലിപ്പ് നിയന്ത്രണ വിധേയമാക്കുന്നതിലൂടെ ബന്ധപ്പെട്ട ജല സംഭരണികളുടെ സംരക്ഷണം ഉറപ്പാക്കുക എന്നതാണ് ഈ പദ്ധതിയുടെ മുഖ്യ ലക്ഷ്യം.

(4) കാന്തല്ലൂർ, വട്ടവട പഞ്ചായത്തുകളിൽ ശീതകാല പഴം പച്ചക്കറി കൃഷിക്കായുള്ള അടിസ്ഥാന സൗകര്യ വികസന പദ്ധതി

ഇടുക്കി ജില്ലയിലെ കാന്തല്ലൂർ, വട്ടവട പഞ്ചായത്തുകളിൽ ശീതകാല പഴം/പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനുള്ള അടിസ്ഥാന സൗകര്യ വികസനം, ജല ലഭ്യത ഉറപ്പാക്കുക, ഉൽപാദനം വർദ്ധിപ്പിക്കുക, തുടങ്ങിയ ലക്ഷ്യത്തോടെ ലീഡിങ് ചാനൽ, ജലസംഭരണികൾ, ക്രോസ് ബാറുകൾ എന്നീ പ്രവർത്തികൾ സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷൻ വഴി ആർ.കെ.വി.വൈ ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കുന്നു.

(5) ദേശീയ സുസ്ഥിര കാർഷിക വികസന പദ്ധതി

ദേശീയ സുസ്ഥിര കാർഷിക മിഷൻ വഴി കേരളത്തിന്റെ കാർഷിക മേഖ
ലയുടെ സ്ഥായിയായ വികസനം ലക്ഷ്യം വച്ച് കൃഷി അനുബന്ധ മേഖലക
ളുടെ സംയോജിത പ്രവർത്തനം നടപ്പിലാക്കുന്നതിനായി കൃഷി വകുപ്പുമായി
യോജിച്ച് കണ്ണൂർ, വയനാട്, തൃശ്ശൂർ എന്നീ ജില്ലകളിലെ മൊകേരി, പാട്ടിയം, കട
ന്നപ്പള്ളി, നമ്പിക്കൊല്ലി, പുൽപ്പള്ളി, വാളാട്, തൂമുള്ളിത്തോട്, ചെമ്പുതറ,
ചേരുംകുഴി എന്നീ ക്ലസ്റ്ററുകളിലായി പദ്ധതി നടപ്പിലാക്കുന്നു. ഈ പദ്ധതിയിൻ
കീഴിൽ ജലസംഭരണികൾ, പാർശ്വഭിത്തി, ജൈവവേലികൾ തുടങ്ങിയ പ്രവർത്തി
കൾ നടപ്പിലാക്കുന്നു.

(6) രാഷ്ട്രീയ കൃഷി വികാസ് യോജന

ആർ.കെ.വി.വൈ പദ്ധതിയിലുൾപ്പെടുത്തി ദുരിതബാധിത ജില്ലയായ വയ
നാട്ടിലെ പുൽപ്പള്ളി, പൂതാടി, മുള്ളൻകൊല്ലി പഞ്ചായത്തുകളിൽ വരൾച്ചാനിവാ
രണത്തിനായുള്ള പദ്ധതിയിൽ ഉൾപ്പെടുത്തി കുളങ്ങൾ/ജലസംഭരണികൾ
എന്നിവയുടെ നിർമ്മാണം നടപ്പിലാക്കി വരുന്നു.

മേൽ പ്രതിപാദിച്ച പദ്ധതികൾക്ക് പുറമേ കുട്ടനാട് പാക്കേജ് പദ്ധതി, പ്രത്യേക ദുർബല ഗോത്ര വിഭാഗങ്ങളുടെ സങ്കേതങ്ങളിലെ പാരിസ്ഥിതിക പുനർജ്ജീവന പദ്ധതി, വയനാട് ജില്ലയിലെ സ്പെഷ്യൽ പാക്കേജ് ചെക്ക് ഡാം പദ്ധതി എന്നിവയും വകുപ്പു മുഖേന നടപ്പിലാക്കിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ